മി. സ്പീക്കർ: ഓർഡർ....ഓർഡർ... ചോദ്യം നമ്പർ (*151)

(ഭരണഘടനയെ അപകീർത്തിപ്പെടുത്തിയതിലൂടെ സത്യപ്രതിജ്ഞാലംഘനം നടത്തിയ മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാൻ രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ പ്ലക്കാർഡുകൾ ഉയർത്തിപ്പിടിച്ച് അവരവരുടെ സീറ്റുകളിൽനിന്ന് മുദ്രാവാക്യം വിളിക്കുകയും സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്തു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഭരണഘടനാലംഘനം നടത്തിയ മന്ത്രി ഇവിടെയുള്ള സാഹചര്യത്തിൽ ചോദ്യോത്തരവേള നിർത്തിവച്ച് ഞങ്ങൾ നൽകിയിട്ടുള്ള റൂൾ 50 നോട്ടീസ് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

മി സ്പീക്കർ: സാധാരണ നടപടിക്രമം ചോദ്യോത്തരവേളയ്ക്ക് ശേഷമാണല്ലോ? അതാണല്ലോ നടപടിക്രമം? സഭാനടപടികൾ തടസ്സപ്പെടുത്തരുത്, ശ്രീ. പി. സി. വിഷ്ണുനാഥ്... അങ്ങ് ചോദ്യം ഉന്നയിക്കുന്നുണ്ടോ? ബഹുമാനപ്പെട്ട ആരോഗ്യ-വനിത-

ശിശുവികസനവകുപ്പുമന്ത്രി....

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാനപ്പെട്ട അംഗം ചോദ്യം ഉന്നയിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി മറുപടി പറഞ്ഞശേഷമാണ് ചോദ്യം ഉന്നയിക്കുന്നത്.

ശ്രീമതി വീണാ ജോർജ്: സർ, ബഹുമാനപ്പെട്ട അംഗം ചോദ്യം ചോദിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. മാത്യു കുഴൽനാടൻ.., ശ്രീ. ടി. സിദ്ദിഖ്.., ശ്രീ. എ. പി. അനിൽ കുമാർ... ചോദ്യം നമ്പർ *(152) ശ്രീ. എൻ. ഷംസുദ്ദീൻ.....

(പ്രതിപക്ഷാംഗങ്ങൾ മുദ്യാവാക്യം വിളിച്ച് ചോദ്യോത്തരവേള തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ.......

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ ചോദ്യം ചോദിക്കുന്നില്ല. ശ്രീ. പി. ഉബൈദുള്ള..., ശ്രീ. പി. അബ്ദുൽ ഹമീദ്....., ശ്രീ. ടി. വി. ഇബ്രാഹിം......

ചോദ്യം നമ്പർ (*153). പ്രതിപക്ഷാംഗങ്ങൾ സീറ്റിലിരിക്കണം, സഭാനടപടികളുമായി സഹകരിക്കണം...(ബഹളം).....

<u>സംസ്ഥാനത്തിന് പൊതുജനാരോഗ്യ രംഗത്ത് ദേശീയ പുരസ്കാരം</u>

(*153) <u>ശ്രീ. പി. പി. സുമോദ്:</u>
<u>ശ്രീ. എ. എൻ. ഷംസീർ:</u>
<u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u>
<u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാമാരിയുടെ പ്രതിസന്ധിയെ അതിജീവിക്കാൻ ഏർപ്പെടുത്തിയ സുശക്തമായ ആരോഗ്യ പരിപാലന സംവിധാനങ്ങൾ സംസ്ഥാനത്തെ പൊതുജനാരോഗ്യ സംവിധാനത്തെ മെച്ചപ്പെടുത്തുന്നതിന് സഹായകമായിട്ടുണ്ടോ;

(ബി) രാജ്യത്ത് എൻ.ക്യൂ.എ.എസ്. അംഗീകാരം നേടിയ ഏറ്റവും കൂടുതൽ ആശുപത്രികളുള്ള സംസ്ഥാനത്തിനുള്ള അവാർഡ് കേരളത്തിന് ലഭിച്ചിട്ടുണ്ടോ; സംസ്ഥാനത്തെ എത്ര ആശുപത്രികൾക്ക് എൻ.ക്യൂ.എ.എസ്. അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ബാക്കിയുള്ള ആശുപത്രികളെക്കൂടി എൻ.ക്യൂ.എ.എസ്. നിലവാരത്തിലെത്തിക്കുന്നതിന് നടത്തുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, (എ) തീർച്ചയായും സഹായകരമായിട്ടുണ്ട്. ഇന്ത്യയിലെ തന്നെ ആദ്യത്തെ കോവിഡ് രോഗബാധ കേരളത്തിൽ റിപ്പോർട്ട് ചെയ്ത നാൾമുതൽ (2020 ജനുവരി 30) കേരളത്തിലെ ആരോഗ്യ സംവിധാനം വളരെ കാര്യക്ഷമമായ രീതിയിൽ പ്രവർത്തിച്ച് വരുന്നുണ്ട്. ലോകാരോഗ്യ സംഘടനയുടെയും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി രോഗിയുമായി സമ്പർക്കത്തിൽ വന്നിട്ടുള്ള എല്ലാവരെയും പരിശോധനയ്ക്ക് വിധേയമാക്കുകയും രോഗബാധ സ്ഥിരീകരിച്ചവർക്ക് ശരിയായ ചികിത്സ ഉറപ്പാക്കുകയും ചെയ്തിരുന്നു..... (ബഹളം)..... ഇവരുമായി സമ്പർക്കത്തിൽപ്പെട്ട എല്ലാവരെയും യഥാസമയം കണ്ടെത്തി അവരെ നിരീക്ഷണത്തിൽ വയ്ക്കുകയും രോഗലക്ഷണങ്ങൾ പ്രകടമാകുന്നവരെ പരിശോധിച്ച് ചികിത്സ ഉറപ്പാക്കുകയും ചെയ്തിരുന്നു. ഇതിനാവശ്യമായ പരിശോധനാ സംവിധാനങ്ങളും ചികിത്സാ സംവിധാനങ്ങളും കേരളത്തിൽ തുടക്കം മുതൽ തന്നെ ഉറപ്പാക്കിയിരുന്നു. ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ വിവിധ പരിശീലനങ്ങളും എല്ലാ തലങ്ങളിലും ഊർജ്ജിതമായിത്തന്നെ നടപ്പിലാക്കിയിരുന്നു.

പ്രാഥമികാരോഗ്യതലത്തിൽ ....(ബഹളം).....ഞാൻ മറുപടി പറയട്ടെ............ (ബഹളം).....+

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിൽ ഇരിക്കണം..... (ബഹളം)...... അംഗങ്ങൾ സീറ്റിൽ ഇരിക്കണം.... സഭയിൽ ക്രമം പാലിക്കണം.... പ്ലക്കാർഡുകൾ ഉയർത്തിപ്പിടിക്കരുത്..... അത് സഭാ ചട്ടങ്ങൾക്കെതിരാണ്.... എല്ലാവരും ബഹളത്തിലാണ്, എന്താണ് സംസാരിക്കാനുള്ളത്.... സഭാനടപടികൾ മുന്നോട്ടുകൊണ്ടുപോകാൻ പ്രയാസമായ സാഹചര്യത്തിൽ ചോദ്യോത്തരവേളയും ശൂന്യവേളയും റദ്ദാക്കുന്നു. മറ്റു നടപടികളിലേയ്ക്ക് കടക്കുന്നു.....(ബഹളം)....

(പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് പ്ലക്കാഡുകൾ ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തതിനെത്തുടർന്ന് ബഹു. സ്പീക്കർ മറ്റു നടപടികളിലേയ്ക്ക് കടന്നു.)

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് ഭരണപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനു സമീപം വന്നുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

---

\+ ഉത്തരത്തിന്റെ ബാക്കിഭാഗം അനുബന്ധമായി ചേർക്കുന്നു.